LIBRARY ARCHIVES Kerala Legislative Assembly

കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി സ്പെഷ്യൽ പാക്കേജുകൾ

184 (4224) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി ഈ സർക്കാർ എന്തെല്ലാം സ്പെഷ്യൽ പാക്കേജുകളാണ് നടപ്പിലാക്കിയത് ; അതിനായി എത്ര തുക നീക്കിവച്ചിരുന്നു ; അതിൽ എത്ര ചെലവഴിച്ചു : വിശദാംശം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ഏതെല്ലാം വിധത്തിലാണ് കൃഷിവകുപ്പ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) സംസ്ഥാനത്തെ വിവിധ കൊമേഴ്സ്യൽ ബാങ്കുകളിൽനിന്നും ക്രോപ് ലോൺ എടുത്ത കർഷകർ വിളനാശം കാരണം ലോൺ തിരിച്ചടയ്ക്കുവാൻ കഴിയാതെ വിഷമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത്തരക്കാരെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് എന്നിവയാണ് കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി സർക്കാർ നടപ്പിലാക്കിയ സ്പെഷ്യൽ പാക്കേജുകൾ. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾക്കായി 8534.447 ലക്ഷം രൂപയാണ് ലഭ്യമാക്കിയിരുന്നത്. 8546.756 ലക്ഷം രൂപ ചെലവഴിച്ചു. ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾക്കായി ലഭ്യമാക്കിയ 1313.3726 ലക്ഷം രൂപയിൽ 1275.2309 ലക്ഷം രൂപ ചെലവഴിച്ചു. വിശദാംശം അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ കർഷകർക്ക് കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന ചുവടെ ചേർക്കുന്ന വിവിധ പദ്ധതി ഘടകങ്ങളിലൂടെ സാങ്കേതിക സഹായം നൽകുന്നു :

- പ്രദർശനത്തോട്ടങ്ങളുടെ സജ്ജമാക്കൽ.
- വിവിധ പരിശീലന പരിപാടികൾ.
- സംസ്ഥാനത്തിനകത്തും പുറത്തുമായി സംഘടിപ്പിക്കുന്ന പഠന യാത്രകൾ.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖാന്തരം ലഭ്യമാക്കുന്ന ലീഫ് ലെറ്റുകൾ, പാംഫ്ലെറ്റുകൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയിലൂടെ ലഭ്യമാക്കുന്ന സാങ്കേതിക സഹായങ്ങൾ.
- ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ കർഷകരിലെത്തിക്കുന്ന ചർച്ചകൾ, ഡോക്യുമെന്ററികൾ.
- മൊബൈൽ സംവിധാനത്തിലൂടെ ലഭ്യമാക്കുന്ന സന്ദേശങ്ങൾ, ശുപാർശകൾ.
- കിസാൻ കാൾ സെന്റർ മുഖേന ലഭ്യമാക്കുന്ന നിർദ്ദേശങ്ങൾ, പ്രശ്നപരിഹാര മാർഗ്ഗങ്ങൾ തുടങ്ങിയവ.

(സി) ഉണ്ട്. വിളനാശംമൂലം കാർഷിക വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാത്ത കർഷകരുടെ വായ്പകൾക്ക് കാലാകാലങ്ങളിൽ മൊറട്ടോറിയം പ്രഖ്യാപിച്ചുവരുന്നു. കൂടാതെ മുൻകാലങ്ങളിലെ തിരിച്ചടവിന്റെ കൃത്യത പരിശോധിച്ച് വായ്പകളുടെ കാലാവധി നീട്ടിക്കൊടുക്കുവാനും പുനഃക്രമീകരിക്കുവാനുമുള്ള (ഉദാ: ഹ്രസ്വകാല വായ്പ മധ്യകാല വായ്പയാക്കി മാറ്റൽ) നടപടികളും ബാങ്കുകൾ സ്വീകരിച്ചുവരുന്നു.

അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ നിയമനം

185 (4225) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന കൃഷി വകുപ്പിൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ ആകെ തസ്തികകളുടെ എണ്ണം എത്രയാണ് ; പ്രസ്തുത തസ്തികകളിൽ എല്ലാം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ അവസാനമായി ലിസ്റ്റ് തയ്യാറാക്കിയത് എന്നാണെന്ന് അറിയിക്കുമോ ; പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) എ.എഫ്.ഒ. തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാരിൽ 20% പേർക്ക് ഹയർഗ്രേഡ് നൽകുന്ന നടപടി ഇപ്പോഴും നിലവിലുണ്ടോ ; വിശദാംശം അറിയിക്കുമോ ; ഈ വിഭാഗം ജീവനക്കാർക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിൽ കുറുകരമായ വീഴ്ച വരുത്തുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം എന്താണെന്നും എന്നത്തേക്ക് ഹയർ ഗ്രേഡ് നൽകുന്ന നടപടി പൂർത്തീകരിച്ച് ഉത്തരവ് നൽകുവാൻ കഴിയുമെന്നും അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly